ജീവിതത്തിൽ ഒരു വര പോലും വരയ്ക്കാത്തവർ നമ്മിൽ ചുരുക്കം . അതിനി തല വരയാകാം, നിഷ്ഫലമായതെന്തെങ്കിലും വെള്ളത്തിൽ വരച്ച പോലായല്ലോ എന്ന് പരിതപിക്കുന്നതുമാകാം . അതുമല്ലെങ്കിൽ എതിരാളിയെ വരച്ച വരയിൽ നിർത്തുന്നതുമാകാം. എന്തായാലും വര നമ്മിൽ ഓരോരുത്തരുടെയും കൂടെ ഒരു വരം പോലെ ഉണ്ട്. അറിഞ്ഞും, അറിയാതെയും ജീവിതത്തിൽ പലപ്പോഴും ഇടപെടുന്ന ഒരജ്ഞാത വ്യക്തിയെ പോലെ. വര ചിലർക്കൊരു വിലങ്ങു തടി ആകുമ്പോൾ, മറ്റു ചിലർക്കതൊരു അനുഗ്രഹീതമായ കഴിവായിരിക്കും. ഈ വരയിൽ അൽപ്പം ചായം ചാലിച്ചാലോ ? മനോധർമ്മം അനുസരിച്ചു വരച്ച ചിത്രങ്ങളിൽ നിറം പകർന്നു നൽകുമ്പോൾ അത് അനുവാചകന് നൽകുന്ന അനുഭൂതി പറഞ്ഞറിയിക്കാൻ പറ്റുന്നതല്ല. വാക്കുകൾക്കും , വർണ്ണങ്ങൾക്കും അപ്പുറവുമായിരിക്കും അത്. ടാലന്റഡ് ബാങ്കേഴ്സ് പേജിൽ അങ്ങനെ കണ്ട ചില ചിത്രങ്ങൾക്ക് പിറകെ പോയപ്പോഴാണ് ഈ പ്രതിഭയെ കണ്ടു കിട്ടിയത്.

**ഷമീർ കുന്നത്തൊടി**
**SBI റീജിയണൽ ഓഫീസ്**
**മലപ്പുറം**

UAE പ്രസിഡൻറ് ആയ ശെയ്ഖ് ഖലീഫ ബിൻ സയ്യദ് ന്റെ പേർസണൽ സ്റ്റാഫ് അംഗമായി വിരമിച്ച ശ്രീ മൊയിദീൻകുട്ടിയുടെയും വീട്ടമ്മയായ ശ്രീമതി സുബൈദ യുടെയും മകനായി 1981 മലപ്പുറം ജില്ലയിലെ തിരൂരിൽ ജനനം. സ്കൂൾ പഠനം തുടങ്ങിയത് തീരൂർ ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ . നഴ്സറി ക്ലാസ് വരെ അവിടെ. പിന്നീട് പിതാവിന്റെ ജോലി സ്ഥലമായ UAE യിലാണ് പത്താം തരം വരെ പഠിച്ചത് ( അബുദാബിയിലെ ഇന്ത്യൻ ഇസ്ലാഹി സ്കൂൾ ). സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു കേരളത്തിലേക്ക് തിരിച്ചു വന്നു . തിരൂർ MES സെൻട്രൽ സ്കൂളിൽ നിന്നും പ്ലസ് ടു പാസ്സായി. കോഴിക്കോട് ഫാറൂഖ് കോളേജിൽ നിന്നും സസ്യ ശാസ്ത്രത്തിൽ ബിരുദവും ;. ICFAI യൂണിവേഴ്സിറ്റി , ഡെറാഡൂണിൽ നിന്നും MBA യിൽ ബിരുദാനന്തര ബിരുദവും..

പഠനത്തിന് ശേഷം തൊഴിൽ തേടിയുള്ള യാത്ര തുടങ്ങി .ഒരു വർഷത്തോളം പെപ്സിക്കോ ഇന്റർനാഷണൽ കമ്പനിയിൽ സെയിൽസ് ഓഫീസറായി ദുബായിൽ (2007 ). പിന്നീട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ( MIMS ) ഓഫീസ് അഡ്മിനിസ്ട്രേറ്ററായി ജോലി നോക്കവേ 2008 ൽ കസ്റ്റമർ റിലേഷൻ അസ്സോസിയേറ്റ് ( CRA ) തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയിൽ വിജയിച്ചതിനാൽ SBI യിൽ നിന്നും ഇന്റർവ്യൂ അറിയിപ്പ് ലഭിക്കുന്നു. ബാങ്ക് ടെസ്റ്റുകൾക്കു വേണ്ടി പുറമെ പോയി തയ്യാറെടുപ്പൊന്നും ഇല്ലായിരുന്നു. തൊഴിൽ പരിശീലനത്തിന് വേണ്ടിയുള്ള ഒരു പുസ്തകം

വാങ്ങി സ്വയം തയ്യാറെടുപ്പു തുടങ്ങി. പഴയ ചോദ്യ പേപ്പറുകൾ ഒക്കെ അവലംബിച്ചു ആയിരുന്നു തയ്യാറെടുപ്പുകൾ.. സെപ്റ്റംബർ 2008 ൽ സ്വപ്ന സമാനമായൊരു തൊഴിലിന് തിരഞ്ഞെടുക്കപെട്ടപ്പോൾ ആദ്യ നിയമനം തിരൂർ ബ്രാഞ്ചിൽ. നവംബർ 2014 വരെ അവിടെ. പിന്നീട് നേരെ കല്പകാഞ്ചേരി ശാഖയിൽ ക്യാഷ് ഇൻ ചാർജ് ആയി ജൂലൈ 2015 വരെ. അടുത്ത ഊഴം 2015 ആഗസ്റ്റിൽ അസിസ്റ്റൻറ് മാനേജർ ആയി പ്രൊമോഷനോട് കൂടി ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ. 2017 ൽ അവിടെ നിന്നും ചേർത്തല ശാഖയിൽ 2018 ജൂൺ വരെ. ആലപ്പുഴ ടൌൺ ബ്രാഞ്ചിൽ 2019 ജൂൺ വരെ ജോലി ചെയ്യാനാണ് അടുത്ത അവസരം കിട്ടിയത്. ജൂൺ 2019 ൽ ഡെപ്യൂട്ടി മാനേജർ ആയി പ്രൊമോഷനോട് കൂടി സ്വന്തം നാടായ കോട്ടക്കലിൽ നിയമനം . പിന്നീട് ഇടരിക്കോട് ശാഖാ മാനേജർ ആയി ജൂലായ് 2019 മുതൽ ജനുവരി 2020 വരെ നിയമനം. ഇപ്പൊൾ മലപ്പുറം RBO യിൽ എത്തി നിൽക്കുന്നു ആ യാത്ര .

ടാലന്റഡ് ബാങ്കേഴ്സ് പേജിൽ ഷമീറിന്റെ രചനകൾ കണ്ടപ്പോഴാണ് ഇങ്ങനെയൊരു അനുഗ്രഹീത കലാകാരൻ നമ്മുടെ കൂട്ടത്തിലുള്ളതായി അറിഞ്ഞത്. പെൻസിൽ സ്കെച്ചിൽ ഇളം നിറങ്ങൾ ഉപയോഗിച്ചുള്ള ജലഛായ ചിത്രങ്ങൾ ആരുമൊന്നു നോക്കി നിന്നു പോകും. ലാളിത്യമാണതിൻ്റെ മുഖമുദ്ര. തീഷ്ണ നിറങ്ങളില്ലാത്ത ലളിതമായ രചനകൾ ആരെയും ആകർഷിക്കും

ചിത്ര രചന അങ്ങനെ ആരുടെയെങ്കിലും കീഴിൽ പ്രത്യേകമായി അഭ്യസിച്ചിട്ടില്ല. ചെറുപ്പം മുതലേ വരയോട് അഭിനിവേശമുണ്ടായിരുന്നു..സ്കൂളിൽ നടക്കുന്ന മത്സരങ്ങളിൽ ആദ്യത്തെ മൂന്ന് സ്ഥാനങ്ങളിൽ ഒന്നിൽ ഷമീർ ഉണ്ടായിരിക്കും. സ്കൂളിലെ ചിത്ര രചനാ ക്ലാസ്സിൽ ഏതെങ്കിലുമൊരു വിഷയം നൽകിയിട്ടു അവരവരുടെ ഇഷ്ടത്തിന് വരയ്ക്കാനും, നിറം നൽകാനും പ്രോത്സാഹിപ്പിക്കുന്ന അധ്യാപകരായിരുന്നു പ്രചോദനം. അങ്ങനെ കിട്ടിയ സ്വാതന്ത്ര്യം പരിപൂർണ്ണമായും സ്വന്തം കഴിവ് പുറത്തു കൊണ്ട് വരാൻ ഒട്ടൊക്കെ സഹായിച്ചു.

സ്കൂൾ പഠനത്തിന് ശേഷം ഇവയൊക്കെ പതുക്കെ അസ്തമിച്ചു. തുടർ പഠനത്തിൻ്റെ തിരക്കും, തൊഴിലന്വേഷണവും , തൊഴിൽ ജീവിതവുമൊക്കെ വരയുടെ ലോകത്തു നിന്നും അകന്നു നില്ക്കാൻ കാരണമായി. തിരക്ക് പിടിച്ച ജോലിയിൽ നിന്നുമൊരു മാറ്റം വേണമെന്ന മനസ്സിലുയർന്ന ശക്തമായ ചിന്ത വീണ്ടും വരയുടെ ലോകത്തേക്ക് തിരിച്ചു പോകുവാൻ നിമിത്തം ആയി. എന്നോ മറന്നു വച്ച ചായക്കൂട്ടുകളങ്ങനെ വീണ്ടും നിറമുള്ള ചിത്രങ്ങളായി വിടരാൻ തുടങ്ങി. പതുക്കെ വർണ്ണാഭമായ ജീവിതത്തിലേക്ക് ഒരു തിരിച്ചു മടക്കമായിരുന്നത്. .

ജോലി കഴിഞ്ഞു വീട്ടിലെത്തുമ്പോൾ ഏതെങ്കിലുമൊരു വിഷയം

ആസ്പദമാക്കിയൊരു ചിത്രമെന്നും വരയ്ക്കുവാൻ ശ്രമിക്കും. മുടക്കമില്ലാതെ. ജോലി കഴിഞ്ഞു തിരിച്ചു വന്നാലൊന്നു ഉറങ്ങിയാൽ മതിയെന്നു പറയുന്ന നമ്മളെ പോലുള്ളവർ കൂടിയിത് മനസ്സിലാക്കണം..

ഏറെ നാളത്തെ ഇടവേളയ്ക്കു ശേഷം വരച്ചതൊരു ചിത്രശലഭത്തിൻ്റെ 3D ചിത്രമാണ് സമാധി കഴിഞ്ഞു പ്യൂപ്പയുടെ തോട് തുറന്നു വിശാല ലോകത്തേക്ക് വർണ വിസ്മയവുമായി പറന്നു വരുന്ന ഒരു പൂമ്പാറ്റയെ തന്നെ തിരഞ്ഞെടുത്തത് ആകസ്മികം മാത്രം. അതൊരു നല്ല തുടക്കമായിരുന്നു. പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നില്ല. എങ്ങോ എവിടെയോ വച്ച് മറന്നെന്നോ, അതോ കൈമോശം വന്നുവോയെന്നു കരുതിയ സിദ്ധിയിൽ നിന്നും ഒരു പാട് സൃഷ്ടികൾ രൂപം കൊണ്ട് തുടങ്ങി...പെൻസിൽ സ്കെച്ചുകൾ , ജലച്ചായങ്ങൾ, സ്കെച്ച് പെന്നുകൾ, ഓയിൽ പാസ്റ്റൽസ് അങ്ങനെ ഏതു മാധ്യമവും ഉപയോഗിച്ച് രചനകൾ അനസ്യൂതം തുടർന്നു.

വല്ലഭനു പുല്ലും ആയുധം എന്ന് പറഞ്ഞത് പോലെ, കടലാസിലും, തുണിയിലും മാത്രമല്ല ; മുറ്റത്തെ പ്ലാവിലയിലും ചിത്രങ്ങൾ വരയ്ക്കുന്നത് മറ്റൊരു ഹോബി. അതിൽ ചിലതൊക്കെ നമ്മൾ ടാലന്റഡ് ബാങ്കേഴ്‌സ് പേജിൽ കണ്ടതുമാണ്.

കുടുംബ ചിത്രത്തിൻ്റെ തെളിമയിൽ എംകോം കാരിയായ വീട്ടമ്മ സുബ്നെയെ കാണാം. 11 വയസ്സുള്ള രെഹാനും , 5 വയസ്സുള്ള റിഷാനും, പിന്നെ 8 മാസം പ്രായമുള്ള റമിനും ആണ് വർണ കൂട്ടുകൾ.. രണ്ടു സഹോദരിമാർ. ഗൈനക്കോളജിസ്റ് ആയ ഷംനയും, ദുബൈയിൽ ടീച്ചർ ആയ ഷാഹിനയും. ഷംനയുടെ ഹസ്ബൻഡ് പീഡിയാട്രീഷ്യൻ ആണ്. ഷാഹിനയുടെ ഹസ്ബന്റിനു ദുബൈയിൽ വൈദ്യുതി വകുപ്പിലാണ് ജോലി.

ചിത്ര രചന മാത്രമല്ല ഫോട്ടോഗ്രാഫിയും, ബ്ലോഗ്ഗും കൂടി തനിക്കു വഴങ്ങുമെന്ന് ഷമീർ തെളിയിച്ചു. യാത്രകൾ ഒരുപാടിഷ്ടപ്പെടുന്ന, ദീർഘ ദൂര ഡ്രൈവിങ്ങും ഹരമായ , ഷമീറിന്റെ ഫോട്ടോകളും, യാത്ര വിവരണങ്ങളും അതിന് പിൻബലമേകുന്നു. ലാളിത്യം നിറഞ്ഞ ചിത്രങ്ങൾക്കൊപ്പം ചേരുന്ന കുറിപ്പുകളും കൂടിയാകുമ്പോൾ മനോഹരമെന്നു തന്നെ പറയാം.

ഇത് വരെ വരച്ച ചിത്രങ്ങളും, ക്യാമറ കണ്ണിൽ പതിഞ്ഞ കാഴ്ചകളും ചേർത്തൊരു മെഗാ എക്സിബിഷൻ ആണ് ഭാവിയിൽ ഉദ്ദേശിക്കുന്നത്. അതിന്റെ തയ്യാറെടുപ്പിലുമാണിപ്പോൾ.

ഏവർക്കും ജീവിതത്തിൽ പ്രചോദനമാകുന്നവർ ആരെങ്കി ലുമുണ്ടായിരിക്കും. മറന്നു പോയെന്നോ, നഷ്ടപെട്ടുപോയെന്നോ കരുതിയ വർണങ്ങളുടെ ലോകം തിരിച്ചു പിടിക്കാൻ

പ്രോത്സാഹിപ്പിച്ചും , നല്ല വാക്കുകൾ ഉപയോഗിച്ച് encourage ചെയ്ത ഒരു സഹ പ്രവർത്തകയെ ഷമീർ നന്ദിയോടെ സ്മരിക്കുന്നു.
കഴിവുകളൊക്കെ കളയേണ്ടതല്ല, മറിച്ചു മറ്റുള്ളവർ കൂടി അത് അറിയുന്നതിൽ തെറ്റില്ലെന്നും, വരച്ച ചിത്രങ്ങളും , കാമറ കണ്ണിൽ പതിഞ്ഞവയും, ബ്ലോഗ്ഗും ഒക്കെ പ്രസിദ്ധപ്പെടുത്തുവാൻ സദാ പ്രോത്സാഹിപ്പിച്ചത് തന്റെ സഹപ്രവർത്തക ആണെന്ന് അഭിമാനത്തോടെ ഷമീർ പറയുന്നു. വ്യക്തി പരമായ കാരണങ്ങളാൽ പേര് പുറത്തറിയുവാൻ താൽപ്പര്യമില്ലാത്ത ആ സഹപ്രവർത്തകയ്ക്കു നമുക്കും നന്ദി പറയാം. അറിയാതെ പോകുമായിരുന്ന ഒരു നല്ല കലാകാരനെ ലോകത്തിനു നഷ്ടപ്പെടുത്താതിരുന്നതിനു. കുടുംബവും, സഹപ്രവർത്തകരും, സുഹൃത്തുക്കളുമെല്ലാം തന്നിലെ കലാകാരനെ എന്നും പ്രോത്സാഹിപ്പിച്ചിട്ടേ ഉള്ളൂ എന്ന് വിനയത്തോടെ ഷമീർ പറയുന്നു,

ലളിതമായ ചിത്രങ്ങളും, പ്രകൃതി ദൃശ്യങ്ങൾ പകർത്തിയ ഫോട്ടോഗ്രാഫുകളും, യാത്ര കുറിപ്പുകളും കൊണ്ട് ഇനിയും ഷമീർ ഒരുപാട് ഉയരത്തിലെത്തുമെന്നു നമുക്കാശംസിക്കാം. ടാലന്റഡ് ബാങ്കേഴ്സിന്റെ ഭാവുകങ്ങൾ..

ഷമീറിന്റെ ബ്ളോഗിന്റെയും , ഫോട്ടോഗ്രാഫി പേജുകളുടെയും ലിങ്കുകൾ ഇതോടൊപ്പം ചേർക്കുന്നു

Shamispixels.wordpress.com

https://www.facebook.com/Shamispixels/
https://www.facebook.com/Shamisartz/

**English Version**

Rarely would we find one among us who has not drawn even once. It may be your fate line or your efforts being felt as though drawn in water, or making your opponent stay on the line drawn by you. All of us are blessed with the power to draw lines whatever our situation.. like a being knowingly or unknowingly influencing our daily life. But this same drawing or line may be a bane to some and a boon to others. What if a bit of colour is added to this? The ecstasy one feels on watching a beautifully drawn picture coloured with the innate imagination of an artist, cannot be expressed in words or colours. We found this gem of an artist on searching the source of a few eye-catching paintings that appeared on our Talented Bankers page.

Shameer Kunnathodi
SBI Regional Office
Malappuram

He was born in Tirur, Malappuram in the year 1981 to Sri. Moideenkutty (retired personal staff member of the UAE President, Khalifa bin Zayed Al Nahyan) and Smt Subeida (housewife). He started his nursery classes at Tirur Fathima Matha English Medium School after which he studied in the UAE where his father worked till 10th grade( from the Indian Islahi School, Abu Dhabi ).

Then he returned to Kerala and did his +2 from Tirur MES Central School, BSc Botany from Farook College, Kozhikode and MBA from ICFAI University, Dehradun.

Then started his journey in search of a satisfying employment. He worked as sales officer in PepsiCo International, Dubai(2007). Then he worked as Office Administrator in Malabar Institute of Medical Science (MIMS). Then in 2008, he gets a call from SBI for attending interview for the post of Customer Relation Associate , as he had succeeded in the written test. He had not gone for any coaching classes to appear for bank tests but only prepared on his own with the help of a text book and based on previous question papers.. In 2008 when he got his dream job, the first posting was at Tirur Branch. He worked there till November 2014 and got transferred to Kalpakanchery branch as Cash-in-charge where he worked till July 2015. Then in August 2015 he got promoted as Assistant Manager and was posted at Alapuzha Civil Station branch. He got transferred to Cherthala branch in 2017 and worked there till June 2018 when again he was transferred to Alapuzha town branch where he worked till June 2019. In June 2019 he got promoted and posted as Deputy Manager in his hometown, Kottakkal. Then he exercised his power as a Branch Head in Edarikode branch from July 2019 to January 2020. At present he is working at RBO, Malappuram.

We noticed that we had such a blessed artist among us when we saw his works in our Talented Bankers' page in the Facebook. Light pastel shades of water colour on pencil sketches.. they captivate the viewers. They radiate simplicity and a clarity of expression that soothes one rather that a spread of vivid and darker shades.

He has not undergone any training in drawing or painting, and had a penchant for drawing from childhood. He always bagged one of the first three prizes for any drawing or painting competition held at school. During their art classes at school, the teachers who gave them general topics and asked them to draw as per their imagination were an inspiration and allowed him to develop his original ideas and talents.

But these interests slowly dimmed as he grew and busied himself with his higher studies, then search for jobs and thereafter his jobs. His strong desire for a respite from the busy official duties led him back to the world of colours that he once cherished. The long forgotten shades thus blossomed into beautiful paintings. With that returned the colours to his life.

Once he returns from work, he would draw a picture based on a particular subject.. daily, without a break. He is an inspiration to people like us who just feel like resting on our

pillows on reaching home from bank.

After a long gap, he drew the 3D picture of a brilliant butterfly. It is sheer coincidence that he chose to draw the butterfly who after spending days hibernating in its cocoon as a pupa breaks free into the nature showing off its iridescence. That was a great start and he never turned back. The once lost or forgotten talent gave birth to a variety of creations.. pencil sketches, water colours, sketch pens, oil pastels.. all aided in the continuous flow of art.

As a master craftsman sees even a grass blade as his tool, his art gets revealed on paper, cloth and even tree leaves from his garden. We got to see a few of them in our talented bankers page too.

In the family portrait, we find the beaming faces of Subna (MCom., housemaker), 11 year old Rehan, 5 year old Rishan and 8 months old Ramin adding charm to the picture. He has two sisters – Shamna (gynaecologist) and Shahina (teacher in Dubai). Shamna's husband is a paediatrician and Shahina's husband works in Dubai Electricity & Water Authority (DEWA).

Shameer has proved that he is adept in photography and blog too in addition to painting. His photographs and travelogues speak about his love and craze for travel and long distance drives. His write ups supporting the paintings enhance their allure.

He is planning a mega exhibition comprising of his imaginative artworks and the visuals he saw through his lens. He has already started readying for the same.

For everyone there would be a motivator who guides through good words and encouragement. The world of colours that he thought were lost to him forever was brought back through the untiring encouragement of his colleagues, whom he recollects with gratitude. There is one particular colleague (who chooses to remain anonymous ) who reminded him time and again that his talents are not to be forgotten but to be nurtured and presented for others to enjoy and appreciate, and prompted him to bring to limelight his paintings, artworks, photographs and blog. Let’s also thank her, without whose efforts we wouldn’t have been fortunate to know him and his creativity. He humbly reiterates that his family, colleagues and friends have always encouraged the artist in him.

We take this opportunity to wish Shameer all success as he climbs further heights with his simple and captivating paintings, lovely photographs of nature, travelogues and blog.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട, കൊല്ലം

English version: Arya Gayathry, State Bank of India, LHO Thiruvananthapuram